

# ഭീകരതയെ ചെറുത്ത് രാജ്യസുരക്ഷ ഉറപ്പാക്കുക

○ ജലാലുദ്ദീൻ അൻസ്വർ ഉമരി/അബ്ദുൽഹകീം നദ്‌വി

**(ആറ് ദശകങ്ങളിലേറെയായി ജമാഅത്തെ ഇസ്‌ലാമി സ്വതന്ത്ര ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്നു. ജമാഅത്തിന്റെ ചരിത്രം രാജ്യചരിത്രവുമായി ബന്ധപ്പെട്ടതാണ്. രാജ്യവും രാജ്യനിവാസികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാര നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഈ പ്രസ്ഥാനം ഇവിടം വരെ എത്തിയത്. ജമാഅത്തിന്റെ ഭൂതവും വർത്തമാനവും സുതാര്യവും അച്ചടക്കപൂർണവുമാണ്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നയവികാസങ്ങളും വർത്തമാന പരിസരങ്ങളും ഭാവിപ്രതീക്ഷകളും സംബന്ധിച്ച് അഖിലേന്ത്യാ അധ്യക്ഷൻ മൗലാനാ സയ്യിദ് ജലാലുദ്ദീൻ അൻസ്വർ ഉമരി സംസാരിക്കുന്നു.)**

*താങ്കൾ ജമാഅത്തെ ഇസ്‌ലാമി നേതൃത്വമേറ്റെടുത്ത് ഏകദേശം മൂന്ന് വർഷം പിന്നിടുകയാണ്. ഒരു വർഷവും ഏതാനും മാസങ്ങളുമാണ് അവശേഷിക്കുന്നത്. പ്രവർത്തനങ്ങളെക്കുറിച്ച് എന്തു തോന്നുന്നു?*

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തിക്കുന്നത് ചതുർവർഷ നയപരിപാടികളുടെ അടിസ്ഥാനത്തിലാണ്. ഈ പ്രവർത്തനകാലയളവിൽ നാം സ്വീകരിച്ച നയനിലപാടുകളുടെ വെളിച്ചത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രവർത്തനങ്ങളും പദ്ധതികളുമെല്ലാം സമയബന്ധിതമായിത്തന്നെ നടന്നു കൊണ്ടിരിക്കുന്നുണ്ട്. സമൂഹത്തിന്റെ വിവിധ മേഖലകൾ മുമ്പിൽകണ്ട് പ്രത്യേക പരിപാടികൾ നാം ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. പ്രവർത്തകരുടെയും അനുഭാവികളുടെയും വർധന നമുക്ക് ആത്മവിശ്വാസം നൽകുന്നതാണ്. സമൂഹത്തിലേക്ക് കടന്നു ചെല്ലാൻ നമുക്കിപ്പോൾ കൂടുതൽ സാധിക്കുന്നുണ്ട്. ഈ കാലയളവ് അവസാനിക്കുന്നതോടെ നാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും പരിപാടികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷ, ഇൻശാ അല്ലാഹ്.

*ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി സ്വതന്ത്ര ഇന്ത്യയിൽ അറുപത് വർഷത്തിലേറെയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അതിന്റെ ലക്ഷ്യപൂർത്തീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എവിടംവരെ എത്തി? താങ്കൾ സംതൃപ്തനാണോ?*

ജമാഅത്തെ ഇസ്‌ലാമി അതിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്നത് 'ഇഖാമുതുദ്ദീനാണ്'. വ്യക്തിസംസ്കരണം, സാമൂഹിക ചുറ്റുപാടുകളുടെ പുനഃക്രമീകരണം, രാഷ്ട്രഘടനയുടെ അഴിച്ചു പണി ഉൾപ്പെടെ സമസ്ത മേഖലകളിലും മൂല്യാധിഷ്ഠിതവും നീതിപൂർവകവുമായ പരിവർത്തനങ്ങളാണ് നാം ആഗ്രഹിക്കുന്നത്. കഴിഞ്ഞ അറുപത് വർഷക്കാലത്തെ നമ്മുടെ വ്യവസ്ഥാപിത പ്രവർത്തനഫലമായി പ്രസ്ഥാനത്തിന് വളരെയധികം മുന്നേറാൻ സാധിച്ചിട്ടുണ്ടെന്ന് ആത്മസംതൃപ്തിയോടെ പറയാനാകും. മുസ്‌ലിം–അമുസ്‌ലിം ഭേദമന്യേ എല്ലാവരിലേക്കും നാം കടന്നു ചെന്നിട്ടുണ്ട്. അവരുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വിഷയങ്ങളിലെല്ലാം സന്ദർഭാനുസരണം ഇടപെടുകയും സാധ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. മുസ്‌ലിം സമൂഹത്തിലെ വിശ്വാസ–സാംസ്കാരിക ജീർണതകൾ ഇല്ലാതാക്കാൻ തുടക്കം മുതലേ ജമാഅത്ത് ശ്രമിച്ചിട്ടുണ്ട്; ഇപ്പോഴും അത് തുടരുന്നു. ഇസ്‌ലാമിനെക്കുറിച്ച് മുമ്പ് ഉണ്ടായിരുന്നതും ഇപ്പോഴും നിലനിൽക്കുന്നതുമായ തെറ്റിദ്ധാരണകളും ആശയക്കുഴപ്പങ്ങളും ദൂരീകരിക്കാൻ ആവുന്നതെല്ലാം ജമാഅത്ത് ചെയ്തിട്ടുണ്ട്. വിഭജനാനന്തരം ആത്മവിശ്വാസം നഷ്ടപ്പെട്ട ഇന്ത്യൻ മുസ്‌ലിംകളുടെ പരിതാപകരമായ അവസ്ഥയിൽനിന്നും അവരെ കരകയറ്റുന്നതിൽ ജമാഅത്ത് വഹിച്ച പങ്ക് വളരെ വിലപ്പെട്ടതാണ്.

ഒരു മുസ്‌ലിം ന്യൂനപക്ഷ, ജനാധിപത്യ മതേതര രാജ്യത്ത് ഒരു ഇസ്‌ലാമിക പ്രസ്ഥാനത്തിനുണ്ടാകേണ്ട സ്വാഭാവിക വളർച്ചയേക്കാൾ മുകളിലാണ് നമ്മുടെ ഗ്രാഫ്. ഇപ്പോൾ ജമാഅത്തിന്റെ കാർമികത്വത്തിൽ ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാൻ തീരുമാനിച്ചിരിക്കുന്നതും ഈ വളർച്ചയുടെ ഒരു ഘട്ടമാണ്.

*ജമാഅത്ത് രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന് താങ്കൾ പറഞ്ഞു. ഔദ്യോഗിക പ്രഖ്യാപനം ഉടൻ ഉണ്ടാവുമെന്ന് എറണാകുളത്ത് വെച്ച് താങ്കൾ പറയുകയും ചെയ്തിരുന്നു. പക്ഷേ, പിന്നീട് അതിനെക്കുറിച്ച് ഒന്നും കേൾക്കുന്നില്ല?*

ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്ര മജ്‌ലിസ് ശൂറ ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാനുള്ള തീരുമാനം മുമ്പുതന്നെ എടുത്തിട്ടുണ്ട്. അതിനായി ഒരു കമ്മിറ്റി രൂപവത്കരിക്കുകയും തുടർ പ്രവർത്തനങ്ങൾ ക്രമാനുസൃതം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പാർട്ടിയുടെ സ്വഭാവം, അതിലെ പങ്കാളിത്തം, ഭരണഘടന, പ്രവർത്തന രീതി തുടങ്ങി പല കാര്യങ്ങളും വിശദപഠനമർഹിക്കുന്ന കാര്യങ്ങളാണ്. ഒരു ജനാധിപത്യരാജ്യത്ത് ഇത്തരം കാര്യങ്ങളെക്കുറിച്ച് കൂടുതൽ ആലോചിക്കാതെ എടുത്തു ചാടിയാൽ ഗുണത്തേക്കാളേറെ ദോഷമാണുണ്ടാവുക. അതുകൊണ്ടാണ് വിശദമായ പഠനം നടത്താൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നത്. പല കൂടിച്ചേരലുകൾക്കും ശേഷം അവരുടെ റിപ്പോർട്ട് ഈ മാർച്ചിൽ സമർപ്പിക്കാനിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയതിനു ശേഷം ഏപ്രിൽ/മെയ് മാസത്തിൽ നടക്കുന്ന കേന്ദ്ര മജ്‌ലിസ് ശൂറ റിപ്പോർട്ട് ചർച്ച ചെയ്ത് തീരുമാനത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*ജമാഅത്ത് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് രംഗപ്രവേശം ചെയ്യുന്നതിനെ ചിലർ ഉൽകണ്ഠയോടെയാണ് വീക്ഷിക്കുന്നത്. 'മതരാഷ്ട്രവാദികൾ' തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ നേരിട്ടിടപെടാൻ സാഹചര്യമുണ്ടായാൽ ഇന്ത്യയുടെ മതേതര ജനാധിപത്യ സംവിധാനങ്ങൾ തകരുമെന്ന വിധത്തിലുള്ള പ്രചാരണങ്ങളാണ് അവർ നടത്തുന്നത്. താങ്കളെന്ത് പറയുന്നു?*

ജമാഅത്തിന്റെ രാഷ്ട്രീയം ഇപ്പോൾ പുതുതായി ഉണ്ടായതല്ല. അതിന്റെ രൂപവത്കരണം മുതൽ സമയാസമയങ്ങളിൽ വ്യക്തമായ രാഷ്ട്രീയ നയനിലപാടുകൾ അത് സ്വീകരിച്ച് പോന്നിട്ടുണ്ട്. രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാൻ ജമാഅത്ത് ഇപ്പോൾ തീരുമാനിച്ചത് ഈ നയനിലപാടുകളുടെ സ്വാഭാവിക വികാസത്തിന്റെ ഭാഗമാണ്. ജമാഅത്തിന്റെ രൂപവത്കരണം മുതൽ അതിനെതിരെ ഉന്നയിക്കപ്പെടുന്ന അതേ ആരോപണങ്ങളാണ് ഇപ്പോഴും ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

വളരെ സുതാര്യവും പ്രകടവുമായ പ്രവർത്തന പരിസരമാണ് ജമാഅത്തിനുള്ളത്. അതിന്റെ ഭരണഘടന ആർക്കും വായിക്കാവുന്നവിധം ലഭ്യവുമാണ്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനക്ക് വിധേയമായി വളരെ സമാധാനത്തോടെയും വർഗീയ-വിധ്വംസക പ്രവർത്തനങ്ങൾക്ക് ഇടം നൽകാതെയുമാണ് ജമാഅത്ത് ഇതുവരെ രാജ്യത്ത് പ്രവർത്തിച്ചിട്ടുള്ളത്. ജമാഅത്തിന് കീഴിൽ ഒരു രാഷ്ട്രീയപാർട്ടി രൂപവത്കരിക്കുന്നതോടെ ജമാഅത്തിന്റെ പ്രവർത്തന രീതിക്ക് ഒരു മാറ്റവും സംഭവിക്കാൻ പോകുന്നുമില്ല. മറിച്ച് രാഷ്ട്രീയ-ഭരണ രംഗത്ത് നിലനിൽക്കുന്ന അരുതായ്മകൾ തിരുത്താനും പോരായ്മകൾ നികത്താനും കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായി ഒരു ബദൽ ചേരിയാണ് ജമാഅത്ത് ആഗ്രഹിക്കുന്നത്.

രാഷ്ട്രീയരംഗത്ത് നിലനിൽക്കുന്ന മൂല്യരാഹിത്യം, സ്വജനപക്ഷപാതം, അഴിമതി, പൗരന്മാർക്കിടയിലെ വിവേചനം, മനുഷ്യാവകാശ ലംഘനങ്ങൾ, അനീതി, ഭരണകൂടഭീകരത തുടങ്ങി രാജ്യത്തിന്റെ ആഭ്യന്തരഭദ്രതയും കെട്ടുറപ്പും നഷ്ടപ്പെടുത്തുന്നതും നാടിന്റെ സർവതോമുഖമായ പുരോഗതിക്ക് വിഘാതം നിൽക്കുന്നതുമായ രാഷ്ട്രീയ സ്ഥിതിക്ക് മാറ്റം ആഗ്രഹിക്കുന്ന ജനങ്ങൾ ജമാഅത്തിന്റെ നേതൃത്വത്തിൽ രൂപവത്കരിക്കുന്ന രാഷ്ട്രീയ പാർട്ടിയെ സ്വീകരിക്കുക തന്നെ ചെയ്യും.

*കേരളത്തിൽ അടുത്തവർഷം ആദ്യ പകുതിയിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുകയാണ്. അതിനു മുമ്പ് പാർട്ടി രൂപവത്കരണം പ്രതീക്ഷിക്കാമോ?*

കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളിലും അടുത്ത വർഷാദ്യം നിയമസഭാ

തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. അതിന് മുമ്പായി പ്രസ്തുത പാർട്ടി നിലവിൽ വരണമെന്നാണ് നാം ആഗ്രഹിക്കുന്നത്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേന്ദ്ര മജ്‌ലിസ് ശൂറയാണ് ഇതിൽ അന്തിമ തീരുമാനമെടുക്കേണ്ടത്. പാർട്ടി രൂപവത്കരണവുമായി ബന്ധപ്പെട്ട് അതിന്റെ എല്ലാ വശങ്ങളും ആലോചിക്കും. വൈകാതെ തന്നെ അത് നിലവിൽ വരും.

*നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് രൂപപ്പെടാൻ സാധ്യത കുറവാണെന്ന് കണ്ടാൽ കേരളത്തിൽ പ്രത്യേകമായി ഒരു രാഷ്ട്രീയ കൂട്ടായ്മ രൂപീകരിക്കാൻ അനുവദിച്ചു കൂടേ? കേരളത്തിന്റെ രാഷ്ട്രീയ പശ്ചാത്തലം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഏറെ വ്യത്യസ്തമാണല്ലോ?*

കേരളത്തിന്റെ രാഷ്ട്രീയ പശ്ചാത്തലം ഇതര സംസ്ഥാനങ്ങളിൽനിന്നും ഏറെ സവിശേഷതയർഹിക്കുന്നു. മാത്രമല്ല, ഇവിടെ സോളിഡാരിറ്റിയുടെയും മറ്റ് സംഘടനാ സംവിധാനങ്ങളുടെയും രാഷ്ട്രീയ-സാമൂഹിക ഇടപെടലുകൾ ഇസ്‌ലാമിക പ്രസ്ഥാനത്തിന് സമൂഹത്തിൽ ചെറുതല്ലാത്ത ഇടം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജമാഅത്ത് അതിന്റെ മുഖ്യതീരുമാനങ്ങൾ എടുക്കുന്നതും നടപ്പിലാക്കുന്നതും നമ്മുടെ രാജ്യത്തിന്റെയും ഇന്ത്യൻ മുസ്‌ലിംകളുടെയും പൊതു താൽപര്യം മുൻനിർത്തിയാണ്. ദേശീയതലത്തിൽ ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാനുള്ള തീരുമാനവുമായി മുമ്പോട്ട് പോകുമ്പോൾ, താൽക്കാലികമായി കേരളത്തിൽ മാത്രം ഒരു വേദി ഉണ്ടാക്കുന്നതിന് പ്രസക്തിയില്ല.

*സംവരണം ഏറെ ചർച്ചാവിഷയമായിക്കൊണ്ടിരിക്കുന്ന സന്ദർഭമാണിത്. പശ്ചിമബംഗാൾ ഗവൺമെന്റ് മിശ്ര കമീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മുസ്‌ലിംകൾക്ക് പത്ത് ശതമാനം സംവരണം പ്രഖ്യാപിച്ച് കഴിഞ്ഞു. ആന്ധ്രാ ഗവൺമെന്റ് നേരത്തെ പ്രഖ്യാപിച്ച നാല് ശതമാനം മുസ്‌ലിം സംവരണം ഹൈക്കോടതി റദ്ദ് ചെയ്തതും ഇതേ കാലയളവിലാണ്. കേരളത്തിൽ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഗവ. കോളേജുകളിൽ 10 ശതമാനവും സർവകലാശാലാ വകുപ്പുകളിൽ 7.5 ശതമാനവും സംവരണം നൽകിയ സർക്കാർ നടപടി ശരിവെച്ച് കേരള ഹൈക്കോടതി വിധി പ്രഖ്യാപിച്ചതും അടുത്ത ദിവസങ്ങളിലാണ്. ഈ സന്ദർഭത്തിൽ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ തലത്തിൽ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ?*

മുസ്‌ലിം പിന്നാക്കാവസ്ഥയുടെ ആഴം വ്യക്തമാക്കുന്ന രജീന്ദർ സച്ചാർ കമീഷൻ റിപ്പോർട്ടും പിന്നാക്കം പോയ മുസ്‌ലിം സമൂഹത്തിന്റെ ദുഃസ്ഥിതി പരിഹരിക്കാനുള്ള നിർദേശങ്ങളും ശിപാർശകളുമായി ജസ്റ്റിസ് രംഗനാഥ് മിശ്രയുടെ കമീഷൻ റിപ്പോർട്ടും പുറത്ത് വന്ന് കഴിഞ്ഞു. മിശ്രകമീഷൻ റിപ്പോർട്ടിൽ രണ്ട് പ്രധാന നിർദേശങ്ങളാണുള്ളത്. ഒന്ന്, ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് 15 ശതമാനം സംവരണം നൽകുകയും അതിൽ 10 ശതമാനം മുസ്‌ലിംകൾക്ക് നീക്കിവെക്കുകയും ചെയ്യുക. രണ്ട്, മുസ്‌ലിം ക്രൈസ്തവ മതങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്ന ദലിത് വിഭാഗങ്ങളിൽ പെട്ടവർക്കുള്ള സംവരണം മതപരിവർത്തനത്തിന്റെ പേരിൽ റദ്ദ് ചെയ്യാതിരിക്കുക. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

ഈ സന്ദർഭത്തിൽ ചില മുസ്‌ലിം സംഘടനകൾ ഒറ്റക്ക് പല പരിപാടികളും സംഘടിപ്പിക്കുമ്പോൾ ജമാഅത്ത് സമാന മനസ്കരുമായി സഹകരിച്ച് കൂട്ടായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. മജ്‌ലിസെ മുശാവറ ഉൾപ്പെടെ പല വേദികളു

ടെയും കൂടെനിന്ന് ഗവൺമെന്റ് തലത്തിൽ സമ്മർദം ചെലുത്തുകയും പൊതുപരിപാടികൾ സംഘടിപ്പിച്ച് വരികയുമാണിപ്പോൾ. കൂടാതെ ഓരോ സംസ്ഥാനത്തും ഇത്തരം പ്രവർത്തനങ്ങൾ ജമാഅത്ത് ഒറ്റക്കും കൂട്ടായും നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്.

*രാജ്യം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയായി തീവ്രവാദവും ഭീകരവാദവും മാറിക്കഴിഞ്ഞു. ഒമ്പത് പേരുടെ മരണത്തിനിടയാക്കിയ പൂനെയിലെ ജർമൻ ബേക്കറിയിലുണ്ടായ സ്ഫോടനം ഒടുവിലത്തെ ഭീകരാക്രമമണമാണ്. ഭരണകൂടവും നിയമപാലകരും അന്വേഷണോദ്യോഗസ്ഥരും നീതിന്യായ സംവിധാനം പോലും വിരൽ ചൂണ്ടുന്നത് മുസ്‌ലിംകൾക്ക് നേരെയാണ്. ആഭ്യന്തര മന്ത്രി ചിദംബരം ഭീകര-തീവ്രവാദ പ്രവർത്തനങ്ങളെ ഇസ്‌ലാമിനോടും ജിഹാദിനോടും ചേർത്തിപ്പറയുന്നു. ഈ പ്രചാരണത്തിനെതിരെ ജമാഅത്ത് എന്ത് ചെയ്യുന്നു?*

നിരപരാധികളായ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ കൊല്ലപ്പെടുന്ന ഭീകരാക്രമണങ്ങൾ രാജ്യത്ത് പലപ്പോഴായി ഉണ്ടായിട്ടുണ്ട്. ഒടുവിൽ പൂനെയിലും അത്തരം ഒരാക്രമണം നടന്നു. ആരാണ് ഈ ഭീകരാക്രമണങ്ങൾക്ക് പിന്നിൽ? അവരുടെ സാമ്പത്തിക സ്രോതസേത്? അവർക്ക് രാഷ്ട്രീയ പിൻബലം നൽകുന്നവർ ആരൊക്കെ? ഏത് രാജ്യക്കാരാണിവർ? തുടങ്ങി പല ചോദ്യങ്ങൾക്കും കൃത്യമായ മറുപടി നൽകാൻ ആരോപകർക്ക് സാധിക്കുന്നില്ല. ഞാനൊരു പത്രസമ്മേളനത്തിൽ സംബന്ധിച്ച് കൊണ്ടിരിക്കുമ്പോൾ ഒരു പത്രപ്രവർത്തകൻ ചോദിച്ചു: ഇന്ത്യയിലെ ഭീകരാക്രമണങ്ങളുടെയെല്ലാം പിറകിൽ മുസ്‌ലിംകളാണല്ലോ. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ഭീകരാക്രമണങ്ങൾക്ക് പിറകിൽ മുസ്‌ലിംകളാണെങ്കിൽ അവരുടെ പേർ, മേൽവിലാസം, അവർ പ്രവർത്തിക്കുന്ന സംഘടന, അവരുടെ ഓഫീസ് തുടങ്ങിയ വിവരങ്ങൾ നിങ്ങൾ എനിക്ക് തരികയാണെങ്കിൽ അവരെ ഞങ്ങൾ തന്നെ വേണ്ടപോലെ കൈകാര്യം ചെയ്ത് പിന്തിരിപ്പിച്ച് കൊള്ളാം. പക്ഷെ, ആർക്കും അതിന് സാധിക്കുന്നില്ലല്ലോ.

പാർലമെന്റ് ആക്രമണം ഉൾപ്പെടെ ഇത്തരം പല ഭീകരാക്രമണങ്ങളുടെയും പിറകിൽ പ്രവർത്തിച്ചവർ ആരാണെന്നത് ഇപ്പോഴും ദുരൂഹമായി തുടരുന്നു. മണിക്കൂറുകൾ നീണ്ട ഏറ്റുമുട്ടലിലൂടെ കൊല ചെയ്യപ്പെട്ട 'ഭീകരവാദികൾ' നിരപരാധികളാണെന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 'ബട്‌ല ഹൗസ് ഓപ്പറേഷൻ' ഗവൺമെന്റും പോലീസുദ്യോഗസ്ഥരും ഒപ്പിച്ച നാടകമാണെന്ന് സത്യം ബലപ്പെട്ടു കൊണ്ടിരിക്കുന്നു. ഇതിനെല്ലാം പുറമെ മാലേഗാവ്, സംഝോത എക്സ്പ്രസ്, മക്കാ മസ്ജിദ് സ്ഫോടനങ്ങൾ ഉൾപ്പെടെ പലതിന്റെയും പിന്നിൽ സംഘ്പരിവാർ പ്രവർത്തിച്ചിട്ടുണ്ടെന്ന വെളിപ്പെടുത്തലുകളും നാം കേട്ടു കഴിഞ്ഞു.

ജമാഅത്തിന് ഭീകരവാദത്തെയും തീവ്രവാദത്തെയും സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. നിരപരാധികൾ വധിക്കപ്പെടുന്ന ഇത്തരം ഓപറേഷനുകളുടെ പിറകിൽ ആരാണെങ്കിലും അവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണം. പരമാവധി ശിക്ഷ നൽകി രാജ്യത്തെ അസ്ഥിരപ്പെടുത്തുന്ന ഇത്തരം പ്രവണതകൾ എന്നെന്നേക്കുമായി അവസാനിപ്പിക്കണം. പക്ഷെ അന്വേഷണത്തിന്റെ മറവിൽ നിരപരാധികളെ വർഷങ്ങളോളം ജയിലിലിട്ട് പീഡിപ്പിച്ച് അവസാനം നിരപരാധിത്വം തെളിയുമ്പോൾ അവരെ ജീവഛവങ്ങളായി പുറന്തള്ളുന്ന നിലവിലെ അവസ്ഥ തുടർന്ന് കൂടാ. എവിടെ ബോംബ് പൊട്ടിയാലും അതിന് പിറകിൽ മുസ്‌ലിംകളാണെന്ന സ്ഥിരം പല്ലവി അവസാനിപ്പിക്കേണ്ടതുണ്ട്. ഇത് ഉത്തരവാദപ്പെട്ടവരെക്കണ്ട് ബോധ്യപ്പെടു

ത്താൻ ജമാഅത്ത് ലഭ്യമായ അവസരങ്ങളെല്ലാം പരമാവധി ഉപയോഗപ്പെടുത്തുന്നു. ഇത്തരം സന്ദർഭങ്ങളിലുണ്ടായ മുസ്‌ലിം കൂട്ടായ്മക്ക് നേതൃപരമായ പങ്ക് വഹിക്കാനും ജമാഅത്തിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും ഈ പ്രവണതക്കെതിരെ ജമാഅത്ത് ധീര മായി ശബ്ദിച്ച് കൊണ്ടിരിക്കുന്നു.

*ജമാഅത്തെ ഇസ്‌ലാമിക്ക് കീഴിൽ ഒരു അഖിലേന്ത്യാ യുവജന പ്രസ്ഥാനം രൂപവത്കരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? നിലവിൽ എസ്.ഐ.ഒ യുവജനങ്ങൾക്കിടയിൽ കൂടി പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിനെ ഒരു പരിപൂർണ വിദ്യാർഥി പ്രസ്ഥാനമാക്കി യുവജനങ്ങൾക്ക് ഒരു പ്രത്യേക സംഘടന രൂപവത്ക രിച്ചു കൂടേ? യുവത ഒരു പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ മൂലധനമാണല്ലോ.*

കേരളത്തിൽ സോളിഡാരിറ്റിയും ആന്ധ്രപ്രദേശിൽ മൂവ്മെന്റ് ഫോർ പീസ് ആന്റ് ജസ്റ്റിസ് (എം.പി.ജെ)മാണ് ഇപ്പോൾ ജമാഅത്തിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന യുവജന–സാമൂഹിക പ്രസ്ഥാനങ്ങൾ. ഇവരുടെ പ്രവർത്തനങ്ങളിലൂടെ അതത് സംസ്ഥാനങ്ങളിൽ വലിയ അംഗീകാരവും വളർച്ചയും ജമാഅതിന് ഉണ്ടായിട്ടുണ്ട്. ചെറിയ ചില കൂട്ടായ്മകൾ മറ്റ് ചില സ്ഥലങ്ങളിലും ഉണ്ട്. ഇന്ത്യയിലൊട്ടാകെ പ്രവർത്തിക്കുന്ന ഒരു ഏകീകൃത യുവജന പ്രസ്ഥാനം രൂപവത്കരിക്കേണ്ടത് ആവശ്യം തന്നെയാണ്. പക്ഷെ, പല സംസ്ഥാനങ്ങളിലും ഒരു യുവജന പ്രസ്ഥാനം രൂപവത്കരിച്ച് അത് നടത്തിക്കൊണ്ട് പോകാൻ മാത്രമുള്ള ശേഷി സംഘടന ആർജി ച്ചിട്ടില്ല. അതുണ്ടായിക്കഴിഞ്ഞാൽ അക്കാര്യം ആലോചിക്കാവുന്നതാണ്. കേന്ദ്ര മജ്‌ലിസ് ശൂറയുടെ പരിഗണനയിൽ ഈ ചർച്ച വന്നിട്ടില്ല.

*ജമാഅത്തെ ഇസ്‌ലാമി ഈ പ്രവർത്തന കാലയളവിൽ പ്രഖ്യാപിച്ച വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് വിഷൻ - 2016. അതിന്റെ പ്രവർത്തനങ്ങൾ?*

ജമാഅത്തെ ഇസ്‌ലാമി അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹി ബിന്റെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി വളരെ ചിട്ടയോടെ മുന്നോട്ട് പോകുന്നു. 2011 വരെയുള്ള പദ്ധതികളാണ് ഇതിന് കീഴിൽ ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്നത്. ദൽഹിയിൽ അത്യാധുനിക സൗകര്യങ്ങളോടെ ഒരു വലിയ ഹോസ്പിറ്റലിന്റെ ഉദ്ഘാ ടനം ഒന്ന് രണ്ട് മാസത്തിനകം നടക്കാനിരിക്കുകയാണ്. മുസ്‌ലിം പിന്നാക്ക മേഖല കളിൽ സ്കൂളുകൾ, പഠനോപകരണ വിതരണം, സ്കോളർഷിപ്പുകൾ തുടങ്ങിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പിന്നാക്ക സംസ്ഥാനങ്ങളിൽ നടന്ന് കൊണ്ടിരിക്കു ന്നുണ്ട്. സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് തൊഴിലന്വേഷകർക്ക് ചെറുസംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ സാമ്പത്തിക സഹായങ്ങൾ, തൊഴിലു പകരണങ്ങൾ തുടങ്ങിയവ വിപുലമായ തോതിൽ നൽകി വരുന്നുണ്ട്. ഇന്ത്യയിലെ മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ഒരു വൻ ചുവട്‌വെപ്പായിട്ടാണ് ജമാഅത്ത് ഈ പദ്ധതിയെ കാണുന്നത്.

*ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുമായി ജമാഅത്തിന്റെ ബന്ധം എങ്ങനെ യാണ്?*

ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുമായി ജമാഅത്തിന് വീക്ഷണപരമായ ബന്ധ മാണുള്ളത്. ദൈനംദിന പ്രവർത്തനങ്ങളിൽ നേർക്ക്നേരെ ബന്ധങ്ങളൊന്നും ഇത്തരം സംഘടനകളോടില്ല. അതോടൊപ്പം അവരിൽനിന്ന് പകർത്താവുന്ന നല്ല മാതൃക കളും നയനിലപാടുകളും സ്വീകരിക്കാറുമുണ്ട്.

ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അധികവും പ്രവർത്തിച്ച് കൊണ്ടിരിക്കു ന്നത് മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലാണ്. മാത്രമല്ല, മിക്ക രാജ്യങ്ങളിലും ജനാ

ധിപത്യ മതേതര വ്യവസ്ഥയല്ല നിലനിൽക്കുന്നതും. നമ്മുടേത് ഒരു മുസ്‌ലിം ന്യൂന പക്ഷ ജനാധിപത്യ മേതതര രാജ്യമാണ്. അതുകൊണ്ട് അവരുടെ മിക്ക പ്രവർത്തന രീതികളും നമ്മുടെ കർമഭൂമികക്ക് അനുയോജ്യമായിക്കൊള്ളണമെന്നില്ല. ഇതെല്ലാം പരിഗണിച്ച് കൊണ്ടായിരിക്കും അത്തരം പ്രസ്ഥാനങ്ങളെ വിലയിരുത്തുന്നത്.

*ജമാഅത്തെ ഇസ്‌ലാമിയുടെ നിലവിലുള്ള മുൻഗണനാ ക്രമങ്ങളിൽ മാറ്റം വരുത്തേണ്ട ആവശ്യകതയെ കുറിച്ച് ജമാഅത്ത് നേതൃത്വം ചർച്ച ചെയ്തിട്ടുണ്ടോ? കഴിഞ്ഞവർഷം ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ച ജമാഅത്ത് അറുപതാം വാർഷിക ദഅ്‌വത് സ്പെഷ്യൽ പതിപ്പിൽ ഡോ. നജാതുല്ലാ സിദ്ദീഖി ഇത്തരം ചില നിരീക്ഷണങ്ങൾ നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകും.*

ജമാഅത്ത് സ്വീകരിച്ച് പോരുന്ന പ്രവർത്തനങ്ങളുടെ മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് കേന്ദ്ര മജ്‌ലിസ് ശൂറ ഇതുവരെയും ചർച്ച ചെയ്തിട്ടില്ല. ഇസ്‌ലാമിനെക്കുറിച്ച് അജ്ഞരായവർക്കും തെറ്റിദ്ധാരണകൾ വെച്ച് പുലർത്തുന്നവർക്കും ശരിയായ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന പ്രബോധന പ്രവർത്തനങ്ങൾക്കാണ് നാമിപ്പോൾ ആദ്യ പരിഗണന നൽകുന്നത്. അതിന് വ്യത്യസ്ത ശൈലിയും രീതിയും ജമാഅത്ത് സ്വീകരിച്ച് വരുന്നുണ്ട്. സാമൂഹിക പ്രവർത്തനങ്ങളും പ്രബോധനത്തിന്റെ ഭാഗമായി നിർവഹിക്കാവുന്നതാണ്. മുസ്‌ലിം സമാജത്തിന്റെ വിശ്വാസമുൾപ്പെടെ എല്ലാ മണ്ഡലങ്ങളിലുമുള്ള സമ്പൂർണ സംസ്കരണമാണ് ജമാഅത്ത് നടത്തുന്ന മറ്റൊരു പ്രവർത്തനം. ഇതിന്റെ പ്രസക്തി ഏറെ വർധിച്ച സന്ദർഭമാണിത്. സാമൂഹിക സേവന പ്രവർത്തനങ്ങളും ദേശീയ അന്തർദേശീയ പ്രശ്നങ്ങളുമെല്ലാം മുൻഗണനാ ക്രമത്തിൽ പ്രാധാന്യമർഹിക്കുന്നവ തന്നെയാണ്. ഇങ്ങനെ സന്തുലിതമായ പ്രവർത്തന രീതിയും മുൻഗണനാ ക്രമവുമാണ് ജമാഅത്തിന്റേത്.

ഡോ. നജാതുല്ലാ സിദ്ദീഖി സൂചിപ്പിച്ചതുപോലെ, പൊതു സമൂഹത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളും ഈ മുൻഗണനാക്രമം നിലനിർത്തി ജമാഅത്ത് ചെയ്തുവരുന്നുണ്ട്.

*ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് മുൻ അമീർ ഡോ. അബ്ദുൽഹഖ് അൻസാരിയിൽനിന്നും പ്രസ്ഥാന നേതൃത്വം താങ്കളിലെത്തിയതിന് ശേഷമുള്ള മാറ്റം?*

ജമാഅത്ത് ആരുടെ നേതൃത്വത്തിൻ കീഴിലാണെങ്കിലും പ്രാദേശിക തലം മുതൽ കേന്ദ്ര മജ്‌ലിസ് ശൂറ വരെയുള്ള വിവിധ കൂടിയാലോചനാ സമിതികളിലൂടെയാണ് അതിന്റെ നയങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുക. അതിന് നേതൃത്വം നൽകുന്ന വ്യക്തികൾക്ക് സ്വന്തമായ വീക്ഷണങ്ങളും അഭിപ്രായങ്ങളുമുണ്ടാവുക സ്വാഭാവികം. എന്നാൽ വ്യക്തികളുടെ വീക്ഷണങ്ങൾ പ്രസ്ഥാനത്തിന്റെ പൊതു നിലപാടായി മാറുകയോ മറിച്ചോ സംഭവിക്കാറില്ല. പ്രവർത്തന കാലയളവിൽ മാറ്റങ്ങളുണ്ടാവുന്നത് പ്രസ്ഥാനം മുഴുവൻ തീരുമാനിച്ചതിന്റെ ഫലമായിട്ടായിരിക്കും. ഡോ. അബ്ദുൽഹഖ് അൻസാരി നേതൃത്വം കൊടുത്ത കഴിഞ്ഞ പ്രവർത്തന കാലയളവിന്റെ തുടർച്ച തന്നെയാണ് ഈ കാലയളവിലെ പ്രവർത്തനങ്ങളും.

*പ്രാസ്ഥാനിക നേതൃത്വമെന്ന ഭാരിച്ച ഉത്തരവാദിത്തം താങ്കളിൽ അർപ്പിതമായതിന് ശേഷം താങ്കളുടെ പഠന-വൈജ്ഞാനിക പ്രവർത്തനങ്ങൾ?*

നേതൃത്വം ഏൽപിക്കപ്പെട്ടതിന് ശേഷം യാത്രകളും യോഗങ്ങളും മറ്റ് പരിപാടികളും വളരെ കൂടുതലാണ്. തിരക്കുകൾക്കിടയിലും ഞാൻ എഡിറ്ററായ *തഹ്ഖീഖാതെ ഇസ്‌ലാമി*യുടെ പ്രവർത്തനങ്ങൾ മുടങ്ങാതെ നടന്നു കൊണ്ടിരിക്കുന്നു.

നേരത്തെ അലിഗഢ് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഇത് പന്ത്രണ്ട് വർഷത്തോളമായി ദൽഹിയിലാണ് പ്രവർത്തിക്കുന്നത്. ചില പുസ്തകങ്ങളും പ്രബന്ധങ്ങളും എഴുതിക്കൊണ്ടിരിക്കുന്നുമുണ്ട്. 'മർദിതരോടുള്ള ഇസ്‌ലാമിന്റെ സമീപനം' (കംസോർ ഔർ മദ്‌ലൂം-ഇസ്‌ലാം കെ സായെ മേം) എന്ന പുസ്തകം ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചതാണ്.

*കേരളത്തിലെ പ്രസ്ഥാന പ്രവർത്തകർക്കും **പ്രബോധനം** വായനക്കാർക്കും നൽകാനുള്ള ഉപദേശം?*

നാം നിലകൊള്ളുന്ന ഇസ്‌ലാമിന്റെ കർമമാതൃകകളായിരിക്കണം നാമോരോരുത്തരും. ഇസ്‌ലാമിനെ കുറിച്ച തെറ്റിദ്ധാരണകൾ ദൂരീകരിക്കാനും തെളിവ് സഹിതം കാര്യങ്ങൾ ബോധ്യപ്പെടുത്താനും നമുക്ക് സാധിക്കണം. ഇസ്‌ലാമിക പ്രസ്ഥാനം അതിന്റെ ലക്ഷ്യമായി സ്വീകരിച്ച 'ഇഖാമതുദ്ദീൻ' കേന്ദ്രീകരിച്ച് കൊണ്ടായിരിക്കണം നമ്മുടെ പ്രവർത്തനങ്ങൾ. പൊതുസമൂഹത്തിന്റെ നന്മ ലക്ഷ്യം വെച്ച്കൊണ്ട് നാം മുന്നേറുക. നിങ്ങൾക്ക് സർവ ഭാവുകങ്ങളും. ■